(1)	(2)	(3)
4	മഞ്ഞപ്ര പഞ്ചായത്ത്	238
5	അയ്യമ്പുഴ "	1
6	കറുകുറ്റി "	816
7	പാറക്കടവ് "	1021
8	മൂക്കന്നൂർ "	619
9	നെടുമ്പാശ്ശേരി "	42
10	അങ്കമാലി നഗരസഭ	88
	ആകെ	4362

(ബി) കൃഷി ആവശ്യത്തിനു വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള 4362 പേരിൽ ആരുംതന്നെ വൈദ്യുതി ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിശ്ചിത കൃഷിഭൂമി ഉള്ളവർക്ക് മാത്രമാണ് കാർഷിക വൈദ്യുതകണക്ഷൻ അനുവദിക്കുന്നത്.

(സി) ഉണ്ട്.

(ഡി) അങ്കമാലിയിലെ ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകിയ ഇനത്തിൽ 40,22,000 രൂപ സർക്കാർ കെ.എസ്.ഇ.ബി.-ക്ക് നൽകേണ്ടതുണ്ട്.

ഊർജ്ജ സംരക്ഷണം

31(2019) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജസംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി ഫ്ലൂറസെന്റ്, സി.എഫ്.എൽ., എൽ.ഇ.ഡി. ലൈറ്റുകളുടെ ഉപയോഗം വ്യാപകമാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഉപയോഗശൂന്യമായ ഇത്തരം ഉപകരണങ്ങളുടെ ശേഖരണം, സംസ്കരണം തുടങ്ങിയ കാര്യങ്ങളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സി.എഫ്.എൽ. ഫ്ലറസെന്റ് എന്നിവയുടെ സംസ്കരണത്തിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി IRG സിസ്റ്റംസ് സൗത്ത് ഏഷ്യ പ്രൈവറ്റ് ലിമിറ്റഡ് സാധ്യതാപഠനം നടത്തി, കരട് റിപ്പോർട്ട് എനർജി മാനേജ്മെന്റ് സെന്ററിന് ലഭിച്ചിട്ടുണ്ട്.

വൈദ്യുതി സെക്ഷൻ ഓഫീസുകൾ

32(2020) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വൈദ്യുതി സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതുതായി സെക്ഷൻ ഓഫീസുകൾ അനുവദിക്കാനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധിയിലുള്ള ഉപഭോക്താക്കളുടെ എണ്ണം വിസ്തൃതി (2500 ഉപഭോക്താക്കൾ/50) ചതുരശ്ര കി.മി. അഥവാ (20,000 ഉപഭോക്താക്കൾ/100) ചതുരശ്ര കി.മി. പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽവരുന്ന സെക്ഷൻ ഓഫീസുകളെ വിഭജിച്ച് പുതിയവ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ വൈദ്യുതി ബോർഡ് പരിശോധിച്ചുവരുന്നു.

വൈദ്യുത പദ്ധതികൾ

33(2021) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ജൂൺ മാസംമുതൽ 2015 മെയ് മാസംവരെ സംസ്ഥാനത്ത് ഏതെല്ലാം വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്യുകയുണ്ടായി ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) കേരളത്തിൽ ഏതെല്ലാം പദ്ധതികൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിശദാംശം നൽകാമോ ; അവ എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാൻ കഴിയും ;

LIBRARY ARCHIVES Kerala Legislative Assembly